കുടുംബശ്രീ തൊഴിൽ പദ്ധതി

234 (3212) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്രം നൽകുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് പരിശീലനത്തോടൊപ്പം തൊഴിൽ നൽകുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) എന്ന പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഗ്രണഭോക്താക്കൾക്ക് അവരുടെ കഴിവിനും അഭിരുചിക്കും അനുയോജ്യമായ മേഖലയിൽ പരിശീലനം നൽകി വ്യവസ്ഥാപിത മേഖലകളിൽ തൊഴിൽ നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഓരോ വർഷവും ചുരുങ്ങിയത് 30000 പേർക്ക് പരിശീലനം നൽകി 22500 പേർക്കെങ്കിലും സ്ഥിരവരുമാനം ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നടത്തിപ്പിനായി പദ്ധതി അടങ്കലിന്റെ 75% കേന്ദ്ര ഗ്രാമവികസന വകുപ്പ് ലഭ്യമാക്കുന്നതാണ്.

(ഡി) പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാനതലത്തിൽ ഒരു പ്രത്യേക സ്റ്റിൽ ആന്റ് പ്ലേസ്മെന്റ് സെൽ രൂപീകരിക്കുകയും മുഴുവൻ സമയ പ്രോഗ്രാം മാനേജർ, കൺസൾട്ടന്റുകൾ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പദ്ധതി നിർവ്വഹണത്തിനായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 23 പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഏജൻസികളെ കണ്ടെത്തുകയും ഈ ഏജൻസികളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. 2015 ഏപ്രിൽ മാസത്തിൽ ഇത്തരം പരിശീലന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly